പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*104

11/06/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**പ്രൊഫ.കെ.യു. അരുണൻ** | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സർക്കാർ നടത്തിയ ശക്തമായ ഇടപെടലിനെ തുടർന്ന് പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പൊതു പരീക്ഷയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഗ്രാമനഗര ഭേദമില്ലാതെ മികച്ച ഫലം സൃഷ്ടിക്കാനായിട്ടുണ്ടോ; പത്താം ക്ലാസ് പാസായവർക്കെല്ലാം തുടർപഠനത്തിന് അവസരം സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. പത്താംക്ലാസ് പാസ്സായവർക്കെല്ലാം തുടർ പഠനത്തിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. ആയതിന്റെ ഭാഗമായി സർക്കാർ, എയ്ഡഡ് മേഖലയിലെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും 20% സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) സ്വകാര്യ വിദ്യാഭ്യാസ മേഖലയിലുള്ളതിനേക്കാൾ മികച്ച അടിസ്ഥാന സൗകര്യങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 5 കോടി / 3കോടി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) അദ്ധ്യയന നിലവാരം ഉയർത്തുന്നതിന് കേരളത്തിന്റെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. കൂടാതെ നിലവിലെ പാഠ്യപദ്ധതി സമഗ്രമായി വിലയിരുത്തി മെച്ചപ്പെടുത്തൽ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അദ്ധ്യാപകസഹായികളും ആവശ്യം വേണ്ട മെച്ചപ്പെടുത്തൽ നടത്തി അച്ചടിച്ച് വിതരണം ചെയ്തു പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ മുന്നോടിയായി |

എസ്.സി.ഇ.ആർ.ടി വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തി വരുന്നു.

അദ്ധ്യാപക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് (സേവനപൂർവ്വം) 'ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ' പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചു നടപ്പാക്കി. ഇതിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ അധികരിച്ച് റഫറൻസ് പുസ്തകങ്ങളും തയ്യാറാക്കി. നിലവിലെ അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനായി വെക്കേഷൻ കാലത്ത് 10 ദിവസത്തെ പരിശീലനം നൽകിയിരുന്നു. ഐ.സി.ടി അധിഷ്ഠിതമായി ക്ലാസ് റൂം വിനിമയം സാധ്യമാക്കുന്നതിന് പ്രത്യേക പരിശീലനം ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. പുതുതായി സർവ്വീസിൽ ചേർന്ന അദ്ധ്യാപകർക്കായി 'ഇൻഡക്ഷൻ പരിശീലന' പരിപാടി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ചു. ഡയറ്റ് അദ്ധ്യാപകരായി നിയമിക്കപ്പെട്ടവർക്ക് 'ഇൻഡക്ഷൻ പരിശീലനം ' നൽകി.

കൂടാതെ ഡിജിറ്റൽ വിഭവങ്ങൾ വികസിപ്പിച്ച് പഠനം കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനും ഐ.സി.റ്റി അധിഷ്ഠിതമാക്കുന്നതിനും 'സമഗ്ര' എന്ന പേരിൽ ഒരു റിസോഴ്സ് വെബ്പോർട്ടൽ 'കൈറ്റ്' കേരളയുടെ സഹായത്തോടെ വികസിപ്പിച്ച് ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കി.

Namitha.P

**സെക്ഷൻ ഓഫീസർ**